# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1505

06/03/2020-ൽ മറുപടിയ്ക്ക്

## കോളേജുകളിൽ സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ

**ചോദ്യം**

**മറുപടി**

ശ്രീ.റ്റി.വി.രാജേഷ് :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ 225 അധ്യാപക തസ്തികകളും എയ്ഡഡ് കോളേജുകളിൽ 30 അധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കോളേജുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | 2018 - ൽ കോളേജ് വിദ്യാഭ്യാസ മേഖല ഡെപ്യൂട്ടി ഡയറക്ടർമാരും അതാത് യൂണിവേഴ്സിറ്റികളും ചേർന്ന് നടത്തിയ വർക്ക് ലോഡ് അദാലത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് കോളേജുകളിലും അർഹതപ്പെട്ട അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>സർക്കാർ കോളേജുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ശാന്തൻപാറ ഗവ.ആർട്സ് & സയൻസ് കോളേജ്, തൃശ്ശൂർ എസ്.ആർ.വി ഗവ.മ്യൂസിക് കോളേജ് എന്നിവിടങ്ങളിൽ പുതുതായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് കോളേജുകളിൽ അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കോളേജുകളിൽ നൂതനമായ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ | (സി) | കോളേജുകളിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**